Q(1) പതിനേഴാം നൂറ്റാണ്ടു പകുതിയും കഴിഞ്ഞപ്പോൾ പ്രശസ്ത പണ്ഡിതനും കവിയുമായിരുന്ന കോഴിക്കോട്ടു മാനവേദരാജാവ് 'കൃഷ്ണഗീതി' എന്നൊരു കാവ്യം സംസ്കൃതത്തിൽ നിർമ്മിച്ചു. അത് എഴുതിത്തീർന്നതു ക്രിസ്തുവർഷം 1653-ൽ ആയിരുന്നു. ഭാഗവതം ദശമസ്കന്ധത്തിലെ കഥയെ ആശ്രയിച്ചാണ് ഈ കൃതിയിലെ ഇതിവൃത്തം സൃഷ്ടിച്ചിട്ടുള്ളത്. എട്ടുദിവസംകൊണ്ട് അഭിനയിക്കാൻ പറ്റുന്നവിധത്തിൽ കഥാവസ്തുവിനെ വിഭജിച്ചിരിക്കുന്നു. കൃഷ്ണാവതാരം തൊട്ട് ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണംവരെയുള്ള സംഭവബഹുലമായ കഥ കൃഷ്ണ ഗീതിയിൽ ഉണ്ട്. ഈ കൃതിയുടെ രംഗപ്രദർശനത്തിൽ അഭിനയത്തെക്കാൾ സ്ഥാനം നൃത്തത്തിനാണ്. അതിനാൽ നടന്മാർ കൈമുദ്രകൾ കാണിക്കുന്ന ഏർപ്പാടു കാണുന്നില്ല. പിന്നിൽനിന്ന് പാട്ടുകാർ ചൊല്ലുന്നതിനനുസരിച്ച് ആടുകയും താളത്തിനൊപ്പിച്ച് നർത്തനംചെയ്യുകയും സന്ദർഭോചിതമായി രസം വ്യഞ്ജിപ്പിക്കുകയുമാണ് ഇതിലെ നാടകകൃത്യം.

പരിവർത്തനം ചെയ്തതിന്റെ ഫലമാണ് ഇന്നത്തെ കഥകളി. പ്രാഥമികദശയിൽ നിന്നു പരിപക്വരൂപത്തിലേക്ക് കഥകളിയുടെ സാഹിത്യേതരഭാഗങ്ങളായ നാട്യം, നൃത്തം, ഗീതം, വാദ്യം, വേഷം എന്നിവയെ പരിവർത്തിപ്പിച്ചു ചിട്ടപ്പെടുത്തിയവരാണ് കപ്ലിങ്ങാട്ടു നമ്പൂതിരിയും വെട്ടത്തുനാട്ടു രാജാവും മറ്റും.

(2) ഒരു ഉത്കൃഷ്ടമായ ദൃശ്യകലാപ്രസ്ഥാനത്തിന്റെയും അതിന് ആവശ്യമുള്ള സാഹിത്യപ്രസ്ഥാനത്തിന്റെയും ഉപജ്ഞാതാവെന്നനിലയിലാണ് കൊട്ടാരക്കരത്തമ്പുരാന്റെ പ്രശസ്തി. ഒരു ഉന്നത സാഹിത്യകാരൻ എന്ന സ്ഥാനം അദ്ദേഹത്തിനു കല്പിക്കാൻ വൈഷമ്യമുണ്ട്. ആശയങ്ങൾ അധികവും പരകീയങ്ങളാണ്. ഭാഷാ സംസ്കൃതപദങ്ങളെ പാലും വെള്ളവുമെന്നമട്ടിൽ യോജിപ്പിക്കാൻ അദ്ദേഹത്തിനു സാധ്യമല്ല. അഭംഗിയുള്ള പ്രയോഗങ്ങൾ കുറച്ചൊന്നുമല്ല ഉള്ളത്. സാഹിത്യത്തിലെ നൈപുണ്യം ഇപ്രകാരമായിരുന്നെങ്കിലും സംഗീതത്തിൽ നിരാക്ഷേപമായ വൈദഗ്ധ്യം അദ്ദേഹം നേടിയിരുന്നു. കർണ്ണാടകസംഗീതത്തിൽ പ്രചുരമല്ലാത്ത പല രാഗങ്ങളും പ്രയോഗിച്ചിട്ടുണ്ട്.

3. *കഥകളിയുടെ ഉത്ഭവത്തിന് ഹേതുവായ പ്രാചീനകലാരൂപങ്ങളെക്കുറിച്ച്* ~~*ചർച്ച സംഘടിപ്പിക്കുക*~~ എഴുതുക.

കഥകളി എന്നാൽ, കഥ കളിച്ചുകാണിക്കുന്നത് അല്ലെങ്കിൽ അഭിനയിച്ചുകാണിക്കുന്നത്, എന്നാണല്ലോ അർത്ഥം.

കേരളത്തിലെ ഏറ്റവും പഴക്കമുള്ള കാളീപൂജയിൽനിന്നും ഉദ്ഭവിച്ച മുടിയേറ്റ്, തിറയാട്ടം എന്നിവ ജനസാമാന്യത്തിനിടയ്ക്ക് അധികമായി പ്രചരിച്ചിരുന്നു.

കാളീപൂജ നടത്തുന്ന പൂജാരികളുടെ നൃത്തം ആയിരുന്നിരിക്കണം കാളിയുടെ കഥ അഭിനയിക്കുക എന്നതായി പിന്നീടു മാറിയത്. നൃത്തവും ഭാവാഭിനയവും കഥയും കഥാപാത്രങ്ങളും വേഷമണിയലും വളരെ പ്രാകൃതമായിട്ടാണെങ്കിലും ഈ ദൃശ്യകലാപ്രകടനത്തിൽ ഉണ്ടായിരുന്നു. ആദിമകാലത്ത് ഇപ്രകാരമാണ് കേരളത്തിൽ കഥ കളിച്ചത്.